# രണ്ടു നിയമങ്ങൾ

**ഓവെൻ ഡി. ഓൾബ്രൈറ്റ്**

*"മുമ്പിലത്തെ കല്പനക്കു, അതിന്റെ ബലഹീനതയും നിഷ്പ്രയോജനം നിമിത്തം നീക്കവും (ന്യായപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടില്ലല്ലൊ), നാം ദൈവത്തോടു അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശക്കു സ്ഥാപനവും, വന്നിരിക്കുന്നു" (എബ്രായർ 7:18, 19).*

പഴയ നിയമവും പുതിയ നിയമവും താരതമ്യം ചെയ്യുവാൻ വ്യക്തമായ ഒരു ചിത്രീകരണം പൗലൊസ് നല്കുന്നുണ്ട്:

> ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇച്ഛിക്കുന്നവരേ, നിങ്ങൾ ന്യായപ്രമാണം കേൾക്കുന്നില്ലയോ? എന്നോടു പറവിൻ അബ്രഹാമിന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു, ഒരുവൻ ദാസി പ്രസവിച്ചവൻ ഒരുവൻ സ്വതന്ത്ര പ്രസവിച്ചവൻ എന്നു എഴുതിയിരിക്കുന്നുവല്ലൊ. ദാസിയുടെ മകൻ ജഡപ്രകാരവും, സ്വതന്ത്രയുടെ മകനോ വാഗ്ദത്തത്താലും ജനിച്ചിരുന്നു. ഇതു സാദൃശ്യമാകുന്നു, ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ അത്രേ: ഒന്നു സിനായ് മലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിച്ചിരുന്നു; അതു ഹാഗാർ. ഹാഗാർ എന്നതു അറബിദേശത്തു സിനായ് മലയെ കുറിക്കുന്നു, അതു ഇപ്പോഴത്തെ യെരുശലേമിനോടു ഒക്കുന്നു. അതു തന്റെ മക്കളോടുകൂടെ അടിമയിലല്ലൊ ഇരിക്കുന്നതു. മീതെയുള്ള യെരുശലേമോ സ്വതന്ത്രയാകുന്നു; അവൾ തന്നേ നമ്മുടെ അമ്മ (ഗലാത്യർ 4:21-26).

വ്യക്തമായും, ഹാഗാർ പ്രതിനിധീകരിക്കുന്നതു പഴയ നിയമത്തെയാണ്. ദൈവം യിസ്രായേൽ മക്കളോടു ഉടമ്പടി ചെയ്ത നിയമത്തെ പ്രതിനിധാനം ചെയ്യുന്ന അടിമ സ്ത്രീയുടെ മക്കളല്ല ക്രിസ്ത്യാനികൾ, മറിച്ച് അവർ, പുതിയ നിയമത്തെ പ്രതിനിധാനം ചെയ്യുന്ന, സ്വതന്ത്രയായ സാറയുടെ മക്കളാണ് (ഗലാത്യർ 4:31). ദാസിയുടെ മക്കൾ സ്വതന്ത്രയുടെ മക്കളോടുകൂടി അവകാശികൾ ആകുകയില്ല (ഗലാത്യർ 4:30). ദാസന്മാരല്ല, മക്കൾ അത്രേ അവകാശികൾ (ഗലാത്യർ 4:7).

ആദ്യനിയമം യിസ്രായേൽ മക്കളുമായി ഉണ്ടാക്കിയതാണ് (പുറപ്പാട് 34:27, 28). പുതിയ നിയമത്തിൽ അവകാശികൾ ദൈവത്തിന്റെ മക്കൾ ആണ്, അവർ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവ

രാണ് (ഗലാത്യർ 3:26, 27). ആദ്യ നിയമത്തിൻ കീഴിലുള്ളവർക്കു, ക്രിസ്തുവിന്റെ നിയമത്തിൻ കീഴിൽ, സ്വതന്ത്രയുടെ മക്കളോടുകൂടി അവകാശമില്ല. ആദ്യ നിയമത്തിന്റെ അടിമത്വത്തിൽ നിന്നു മോചിത രായതുകൊണ്ടു, ക്രിസ്ത്യാനികൾ വീണ്ടും അടിമനുകത്തിൻ കീഴി ലേക്കുപോകരുത്. ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാത്യർ 5:1).

കല്ലിന്മേൽ എഴുതപ്പെട്ട പത്തു കല്പനകളേക്കാൾ ശ്രേഷ്ഠവും, മഹത്വകരവുമായ പുതിയ നിയമത്തിന്റെ (2 കൊരിന്ത്യർ 3:6), ശുശ്രൂ ഷകരായിരുന്നു അപ്പൊസ്തലന്മാർ. ആദ്യത്തേതു മരണത്തിന്റേയും ശിക്ഷാവിധിയുടേയും നിയമമായിരുന്നു (2 കൊരിന്ത്യർ 3:7–9). ദൈവ തേജസ്സുള്ള സാന്നിധ്യത്തോടെ ആ നിയമം മോശെക്കു ലഭിച്ചപ്പോൾ, യിസ്രായേൽ മക്കൾ അവന്റെ മുഖത്തു നോക്കികൂടാതവണ്ണം തേജ സ്സുള്ളതായിരുന്നതുകൊണ്ട്, അവന്റെ മുഖത്തു മൂടുപടം ഇട്ടു (2 കൊരിന്ത്യർ 3:7–13; പുറപ്പാട് 34:27–33).

പുതിയ നിയമത്തിലുള്ള തേജസ്സു കല്ലിൽ എഴുതിക്കൊടുത്ത നിയ മത്തിലില്ല എന്നു പൗലൊസ് കൊരിന്തിലെ ക്രിസ്ത്യാനികൾക്കു എഴു തുമ്പോൾ പറഞ്ഞു (2 കൊരിന്ത്യർ 3:9, 10). "നീക്കം വരുന്നതു തേജ സ്സുള്ളതായിരുന്നു എങ്കിൽ, നിലനില്ക്കുന്നതു എത്ര അധികം" (2 കൊരിന്ത്യർ 3:11). അവൻ ശുശ്രൂഷകനായിരിക്കുന്ന പുതിയ നിയമം നിലനില്ക്കുന്നു, എന്നാൽ കല്ലിൽ എഴുതപ്പെട്ട നിയമം നീങ്ങപ്പെട്ടു.

ദൈവം യിസ്രായേലിന്നു കൊടുത്ത നിയമം അതിന്റെ ഉദ്ദേശം നിറ വേറ്റുകയും യേശുക്രിസ്തു മുഖാന്തരം പുതിയ നിയമം നല്കുകയും ചെയ്തു. ഇപ്പോൾ, യേശുവിന്റെ മരണത്താലും രക്തത്താലും പുതിയ നിയമം പ്രതിഷ്ഠിച്ചു കഴിഞ്ഞതുകൊണ്ട്, നാം ഇനി ദൈവം യിസ്രാ യേലിന്നു കൊടുത്ത നിയമത്തിൻ കീഴിലല്ല. ന്യായപ്രമാണവും ചട്ട ങ്ങളും അതിന്റെ ഉദ്ദേശം നിർവ്വഹിക്കുകയും അവസാനിപ്പിക്കയും ചെയ്തു, യേശു അതിനുശേഷം തന്റെ തേജസ്സേറിയ നിയമം അതിന്റെ പൂർണ്ണ തേജസ്സോടെ ശോഭിക്കുമാറാക്കി.

© 2009 Truth for Today